മേൽപ്പറഞ്ഞ സ്റേറ കാരണം ഈ ഔഷധങ്ങളുടെ വിൽപ്പനയ്ക്കെതിരെ ബന്ധപ്പെട്ട ഔഷധ വ്യാപാരികൾക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊള്ളാൻ ഇപ്പോൾ സാദ്ധ്യമല്ല.

തിരുമാറാടി പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി

54 [72] ശ്രീ. ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) തിരുമാറാടി പഞ്ചായത്തിൽ ഒരു അലോപ്പതി ആശുപത്രി തുടങ്ങണമെന്ന ആവശ്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച നടപടികൾ എന്തായിയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വയലടയിലുള്ള ഗവൺമെൻറ് അലോപ്പതി ഡിസ്പെൻസറി

55 [73] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ പനങ്ങാട് പഞ്ചായത്തിൽ വയലടയിലുള്ള ഗവൺമെൻറ് അലോപ്പതി ഡിസ്പെൻസറിക്ക് ഒരു കെട്ടിടം പണിയുന്നതിന് എന്ത് നടപടിയാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ ;

(ബി) പ്രസ്തുത കെട്ടിടത്തിനുവേണ്ടി സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞുവോ ?

ഉത്തരം

(എ,ബി) അംഗീകൃത മാനദണ്ഡമനുസരിച്ച്, ഗ്രാമീണ ഡിസ്പെൻസറിക്ക് സ്ഥലവും കെട്ടിടവും പഞ്ചായത്താണ് സൗജന്യമായി നൽകേണ്ടത്. അതനുസരിച്ച് വയലടയിലെ ആശുപത്രിക്കുവേണ്ടി ഒരു ഏക്കർ സ്ഥലം ഒരു സ്വകാര്യ വ്യക്തി സൗജന്യമായി നൽകാമെന്ന് സമ്മതിച്ചിട്ടുള്ളതായി പനങ്ങാട് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. സ്ഥലം സൗജന്യമായി ലഭിച്ചു കഴിഞ്ഞാൽ അംഗീകൃത മാതൃകയിലുള്ള കെട്ടിടം പണിത് സംഭാവന ചെയ്യേണ്ടത് പഞ്ചായത്താണ്. അതിനാൽ ആരോഗ്യ വകുപ്പ് സ്ഥലം പൊന്നുംവിലയ്ക്ക് ഏടുക്കാൻ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

കുന്നംകുളം ആശുപത്രി

56 [74] ശ്രീ. കെ. പി. അരവിന്ദാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ വർഷം ശതാബ്ദിയാഘോഷിക്കുന്ന കുന്നംകുളം ആശുപത്രിയുടെ ദയനീയസ്ഥിതി കണക്കിലെടുത്ത് ശതാബ്ദിയുടെ ഭാഗമായി 50 കിടക്കകളുള്ള ഒരു വാർഡ് പണിയാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ ;

(ബി) ഇപ്പോൾ ആശുപത്രിയിലുള്ള മുഴുവൻ ഒഴിവുകളും നികത്തുവാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇവിടുത്തെ എക്സ്റേ പ്ലാൻറ് ഉപയോഗപ്രദമാക്കാനും ടെക്നീഷ്യനെ നിയമിക്കാനും നടപടിയെടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly